**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5228** **23.05.2017 ൽ മറുപടിയ്ക്ക്**

## സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**ശ്രീ.എ. എൻ. ഷംസീർ**<br>**ശ്രീ.പി.വി. അൻവർ**<br>**ശ്രീ.പുരുഷൻ കടലുണ്ടി** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഏതെല്ലാം വിളകളുടെ സമഗ്രവികസനമാണ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പ്രധാനമായും ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ മാവ്, വാഴ, കൈതച്ചക്ക എന്നീ ഫലവർഗ്ഗവിളകൾ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, കറുവപ്പട്ട, ഗ്രാമ്പു എന്നീ സുഗന്ധവ്യഞ്ജന വിളകൾ, കശുമാവ്, കൊക്കോ എന്നീ തോട്ടവിളകൾ, പുഷ്പകൃഷി എന്നിവയുടെ സമഗ്ര വികസനമാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. കൂടാതെ, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം നടപ്പിലാക്കുന്ന ദേശീയ ഔഷധസസ്യ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഔഷധ സസ്യങ്ങളുടെ സമഗ്ര വികസനവും ലക്ഷ്യമിടുന്നു. |
| ബി) | പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങളിലൂടെ നിർദ്ദിഷ്ട നേട്ടങ്ങൾ കൈവരിക്കുന്നതിന് കൂടുതൽ മേൽനോട്ടം ആവശ്യമായതിനാൽ ഫലപ്രദമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | ബി) | മിഷന്റെ പ്രവർത്തനങ്ങളിലൂടെ നിർദ്ദിഷ്ട നേട്ടങ്ങൾ കൈവരിക്കുന്നതിന് ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ട്. മിഷന്റെ ജില്ലയിലെ പ്രവർത്തനങ്ങൾക്ക് ജില്ലാ കൃഷി ആസ്ഥാനത്തുള്ള കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്) ആണ് നേതൃത്വം നൽകുന്നത്. ഇവരുടെ പ്രവർത്തനങ്ങൾ മേൽനോട്ടം വഹിക്കുന്നത് അതത് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരാണ്. കൂടാതെ, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഹെഡ് ക്വാർട്ടേഴ്സിലെ കൃഷി അഡീഷണൽ ഡയറക്ടർ തൃശ്ശൂർ മുതൽ വടക്കോട്ടുള്ള 7 ജില്ലകളിലേയും കൃഷി ജോയിന്റ് ഡയറക്ടർ എറണാകുളം മുതൽ തെക്കോട്ടുള്ള 7 ജില്ലകളിലെയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ, രണ്ട് മാസത്തിലൊരിക്കൽ മിഷൻ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്) മാരുടെ സംസ്ഥാനതല അവലോകന യോഗങ്ങളും, അത്യാവശ്യഘട്ടങ്ങളിൽ |

വീഡിയോ കോൺഫറൻസും നടത്തുന്നുണ്ട് മിഷന്റെ എല്ലാ പ്രവർത്തനങ്ങളും അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിന് വിധേയമാണ്. മിഷന്റെ കണക്കുകൾ ചാർട്ടേർഡ് അക്കൗണ്ടന്റ് വർഷാവർഷം ഇന്റേണൽ ആഡിറ്റ് ചെയ്യുന്നുണ്ട്

**സെക്ഷൻ ഓഫീസർ**